**പത്രക്കുറിപ്പ്**

**KERALA STATE COMMISSION FOR PROTECTION OF CHILD RIGHTS**
T.C. 14/2036, VanrossJn,University P.O,
Thiruvananthapuram – 34
e-mail : pro.cpcr@gmail.com
Phone : 0471 – 2326603/04/05

23.09. 2020

# പോക്സോ നിയമം: ജില്ലകളിൽ സഹായകേന്ദ്രങ്ങൾ യാഥാർത്ഥ്യമാക്കണമെന്ന് വെബിനാർ

പോക്സോ കേസുകളിൽ കുറ്റകൃത്യത്തെ അതിജീവിച്ച കുട്ടികളെ വീണ്ടും വീണ്ടും ചോദ്യം ചെയ്യുന്നതും ഒരേ കേസിൽ നിരവധി തവണ വൈദ്യപരിശോധന നടത്തുന്നതും ഒഴിവാക്കണമെന്നും വിധിപ്രസ്താവം വരെയുള്ള സേവനസഹായങ്ങൾ ശരിയായി ലഭ്യമാക്കുന്നതിന് വൺ സ്റ്റോപ് സപ്പോർട്ട് സെന്ററുകൾ പ്രവർത്തനക്ഷമമാക്കണമെന്നും സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ സംഘടിപ്പിച്ച വെബിനാറിൽ ആവശ്യം ഉയർന്നു. ലൈംഗിക അതിക്രമങ്ങളിൽ നിന്ന് കുട്ടികളെ രക്ഷിക്കുന്നതിനുള്ള 2012-ലെ നിയമവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും പരിഹാരമാർഗങ്ങളും വിലയിരുത്തുന്നതിനായാണ് ഇതുമായി ബന്ധപ്പെട്ട ചുമതലക്കാരെ ഉൾപ്പെടുത്തി വെബിനാർ സംഘടിപ്പിച്ചത്.

കേസന്വേഷണം നടത്തുന്നതിന് ശാസ്ത്രീയമായും മനശ്ശാസ്ത്രപരമായും പരിശീലനം ലഭിച്ച പ്രത്യേകം കേഡർ പൊലീസിനെ നിയോഗിക്കണമെന്ന് വെബിനാർ ഉദ്ഘാടനം ചെയ്ത പ്രോസിക്യൂഷൻ ഡയറക്ടർ ജനറലും ഹൈക്കോടതി പബ്ലിക് പ്രോസിക്യൂട്ടറുമായ സി. ശ്രീധരൻ നായർ പറഞ്ഞു. പൊലീസ് സ്റ്റേഷനുകളിൽ സ്പെഷ്യൽ ജുവനൈൽ പൊലീസ് ഓഫീസറും ചൈൽഡ് ഫ്രണ്ട്ലി വുമൺ പൊലീസ് ഓഫീസറും നിലവിലുണ്ടെങ്കിലും ഇവരിൽ പലരും സ്ഥലം മാറിപ്പോകുന്നതോടെ പരിശീലനത്തിലൂടെ ഉദ്ദേശിക്കുന്ന ഫലം പലപ്പോഴും കിട്ടുന്നില്ല. കുട്ടിയുടെ മാനസികാരോഗ്യം വീണ്ടെടുക്കാൻ കഴിയുന്ന വിധത്തിൽ 2015-ലെ മാർഗരേഖ പ്രകാരമുള്ള നടപടിക്രമം പാലിച്ച് മൊഴിയെടുക്കണം. ഹൈക്കോടതി അടുത്തിടെ പുറപ്പെടുവിച്ച ഉത്തരവ് ബാലാവകാശ സംരക്ഷണത്തിന്റെ മാഗ്നാ കാർട്ട ആണെന്ന് ശ്രീധരൻനായർ പറഞ്ഞു. പൊലീസ്, പ്രോസിക്യൂട്ടർമാർ, ഡോക്ടർമാർ എന്നിവർക്ക് ശിശുസൗഹൃദപരമായും സമയബന്ധിതമായും നടപടിക്രമങ്ങൾ പാലിക്കുന്നതിൽ പരിശീലനം നൽകുന്നതിന് ബാലാവകാശ സംരക്ഷണ കമ്മീഷൻ നടപടി സ്വീകരിക്കണം.

പോക്സോ കേസുകൾ യഥാസമയം തീർപ്പാക്കുന്നതിന് വിവിധ വകുപ്പുകൾ ഏകോപിച്ച് പ്രവർത്തിക്കണമെന്ന് ക്രൈം ഐ.ജി എസ്. ശ്രീജിത്ത് പറഞ്ഞു. ബാലാവകാശ സംരക്ഷണ കമ്മീഷൻ ഇതിനുള്ള നടപടി സ്വീകരിക്കണം. കുട്ടിയുടെ മൊഴി ആവർത്തിച്ച് എടുക്കുന്നത് നിരുത്സാഹപ്പെടുത്തണമെന്ന് ശ്രീജിത്ത് വ്യക്തമാക്കി. നിയമം സംബന്ധിച്ച ബോധവത്കരണത്തിനും വകുപ്പുകളെ ഏകോപിപ്പിച്ച് കാലതാമസവും പാളിച്ചകളും ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കുമെന്ന് അദ്ധ്യക്ഷത വഹിച്ച കമ്മീഷൻ ചെയർപേഴ്സൺ കെ. വി മനോജ്കുമാർ പറഞ്ഞു. കമ്മീഷൻ അംഗങ്ങളായ സി. വിജയകുമാർ, കെ. നസീർ,

റെനി ആന്റണി, ബി. ബബിത, ഫാ. ഫിലിപ് പരക്കാട്ട്, പി. പി ശ്യാമളാദേവി, വനിത ശിശുവികസന വകുപ്പ് ഡയറക്ടർ ടി. വി അനുപമ, പൊതു വിദ്യാഭ്യാസ ഡയറക്ടർ ജീവൻ ബാബു, നിയമസഹായ സമിതി നോഡൽ ഓഫീസർ നിസാർ അഹമ്മദ് എന്നിവർ ഉൾപ്പെടെ 32 പേർ പങ്കെടുത്തു.

**പബ്ലിക് റിലേഷൻസ് ഓഫീസർ**